GUPS KOZHENCHERRY
EAST

# ACADEMIC MASTERPLAN

# ഗവ: യു.പി സ്കൂൾ കോഴഞ്ചേരി ഈസ്റ്റ്

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഉപജില്ലയിൽ സ്ഥിതി ചെയ്യുന്ന പഴക്കമേറിയ പൊതുവിദ്യാലയങ്ങളിൽ ഒന്നാണ് കോഴഞ്ചേരി ഈസ്റ്റ് ഗവ: യു.പി സ്കൂൾ. 1911ൽ സ്ഥാപിതമായ വിദ്യാലയം 114 വർഷം പൂർത്തിയാക്കി. തുടക്കത്തിൽ കോഴഞ്ചേരി ഈസ്റ്റ് പ്രൈമറി സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയം വാടകകെട്ടിടത്തിൽ നിന്ന് സർക്കാർ വക കെട്ടിടത്തിലേക്ക് മാറുകയും 1963-64 കാലയളവിൽ യു.പി. സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. പിന്നീട് കോഴഞ്ചേരി ഈസ്റ്റ് ഗവ: യു.പി. സ്കൂൾ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

2021 ഡിസംബർ 13 മുതൽ ശ്രീ. ഷീവർഗീസ് ഉമ്മൻ പ്രധാനാധ്യാപകനായി സേവനമനുഷ്ഠിച്ചു വരുന്നു. 8 അധ്യാപകരും ഒരു അനധ്യാപികയും ഇവിടെ സേവനമനുഷ്ഠിക്കുന്നു.

എൽ.പി. വിഭാഗത്തിൽ 20 കുട്ടികളും യു.പി. വിഭാഗത്തിൽ 24 കുട്ടികളും പ്രീപ്രൈമറിയിൽ 3 കുട്ടികളും പഠിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

# മലയാളം

ഗവ. യു. പി. സ്കൂൾ
കോഴഞ്ചേരി ഈസ്റ്റ്

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി, സചിത്ര പ്രവർത്തന പുസ്തകം, സ്വതന്ത്രരചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണമെന്ന് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഉറപ്പിച്ചെടുക്കുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയനവർഷത്തിൽ കുട്ടി, രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെടുത്തികൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത നൽകി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും
- സ്വയം വ്യവഹാര രൂപത്തിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ
- ലളിതമായ വായനാ കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള ലഘു രചനാ ശില്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ വായനാ കളികൾ, എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ചിത്രങ്ങൾ നിരീക്ഷിച്ച് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകഥകൾ, കവിതകൾ എഴുതുന്നു. വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് പൊതുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ.

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
സർഗശേഷികൾ കൈവരിക്കുന്നു.
ആശയം ഗ്രഹിച്ച് മറ്റു വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
സ്വന്തമായി വായിക്കാനും എഴുതാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായിത്തീരുന്നു.
രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു., നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുന്നു.

## ജൂൺ.

### പ്രവർത്തനങ്ങൾ.

- സചിത്ര അനുരൂപണം, നിർമ്മാണം, അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
- സചിത്ര ഡയറി, സംയുക്ത ഡയറി എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ.

### പ്രവർത്തനങ്ങൾ.

- സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്രവായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്.

### പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

→ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.

→ രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ നേതൃത്വം നൽകുന്നു.

→ ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

→ ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ.

### പ്രവർത്തനങ്ങൾ

→ സംയുക്തധ്വനി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.

→ സ്വതന്ത്ര രചന. പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.

→ ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ധ്വനി മെച്ചപ്പെടുത്തുന്നു.

→ അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.

വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു

കുട്ടികളെ സ്വതന്ത്ര ചിന്തിതാക്കളും വായനക്കാരുമായി ഒരുക്കുന്നു.

## ഒക്ടോബർ.

### പ്രവർത്തനങ്ങൾ

→ വായനോത്സവം സംഘടിപ്പിക്കുന്നു.

→ ആസ്വാദ്യകരമായ വായന നടത്തുന്നു.

→ ചിത്ര വായനക്ക് അവസരം ഒരുക്കുന്നു.

→ രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

→ ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാകുന്നു.

→ കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

→ ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

**പ്രവർത്തനങ്ങൾ**

- സംയുക്ത ഡയറി എഴുതുന്നത് കൂടുതൽ മെച്ചപ്പെടുത്തി/ സ്വതന്ത്ര രചയിതാക്കൾ ആകുന്നു
- കൂട്ട വായന, നാടക വായന, വീട്ടുവായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു.
- പത്രവായനക്ക് അവസരം ഒരുക്കൽ
- സംയുക്ത ഡയറിയിൽ കുട്ടി എഴുതുന്നത് കൂടുതലാകുന്നു.
- ചിത്രവായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ, ബാല സാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു.
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് എഴുതുന്നു
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

**പ്രവർത്തനങ്ങൾ**

- ഭാഷാപ്രവർത്തനങ്ങൾ വിവിധങ്ങളും കൗതുകകരവുമായി അവതരിപ്പിക്കും
- രചനശേഷി പരിപോഷിപ്പിക്കൽ
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു
- ലഘുകവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്ന് പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പര പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി.

പ്രവർത്തനങ്ങൾ

→ കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന, ശില്പശാലകൾ നടത്തുന്നു.

→ തിയ്യർ സാധ്യതകൾ വായന കാർഡുകൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

→ കുട്ടികൾ എഴുതിയ കഥകൾ, ചെറുകവിതകൾ എന്നിവയുടെ പ്രകാശനം

→ സചിത്ര ~~...~~ ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു.

→ കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.

→ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

→ കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൈയെഴുത്ത് പതിപ്പ് തയ്യാറാക്കുന്നു.

→ മികവുകൾ സമൂഹത്തിന് മുമ്പിൽ പ്രകടിപ്പിക്കുന്നു/ അവതരിപ്പിക്കുന്നു.

## ഫെബ്രുവരി.

പ്രവർത്തനങ്ങൾ

→ ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.

→ കുട്ടികളുടെ രചനകൾ മാസികകൾ ആക്കുന്നു.

→ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.

→ ആശയ പൂർണതയോടെ തനതു രചനകൾ നടത്തുന്നു.

→ ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു.

→ സ്വന്തമായി രചനകൾ നടത്തി കൈയെഴുത്ത് പതിപ്പുകൾ രൂപപ്പെടുത്തുന്നു

→ ~~...~~ കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്.

പ്രവർത്തനങ്ങൾ

→ കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പതിപ്പുരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.

→ വീട്ടു വായന, കൂട്ട വായന, നാട്ടു വായന, അമ്മ വായന, ചങ്ങല വായന, സ്വതന്ത്ര വായന ഇവയ്ക്ക് പ്രോത്സാഹനം കൊടുക്കുന്നു.

→ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

# Academic master plan

## Standard · I

## English.

Govt. U.P. School,
Kozhencherry East.

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently like malayalam. We have to keep the language English close to our heart.

The acdemic master plan is designed to ensure that not a single child goes illiterate

## Objectives and Learning outcomes.

- Respond to simple instructions in the classroom
- Describe orally about the pictures and objects.
- Familiarise ~~the~~ with simple words.
- Enjoy songs and signgs them with Rhythm and action
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words
- Say familiar words
- Read familiar words
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describe orally about pictures and objects using adjectives

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മൂന്നാം ക്ലാസ്സ്

## ഗണിതം

Govt. U. P. School,
Kozhencherry East.

# ഗണിതം.

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിത ചിന്തകളിൽ പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് സാധിക്കാത്തതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്നുതന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, നീളം, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റ സംഖ്യകൾ എണ്ണിയെടുക്കുന്നു. എഴുതുന്നു. വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ക്രമീകരിക്കുന്നു
- രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം
- രണ്ട് ഒറ്റ സംഖ്യകളുടെ വ്യവകലനം
- ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം
- ഒന്നുമുതൽ ഇരുപത് വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റ സംഖ്യാ പാറ്റേൺ രൂപീകരിക്കൽ
- ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റുകൾ തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ആഗസ്റ്റ്

- ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
  കൂടുതൽ / കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- ഒരക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനക്രിയകൾ നടത്തൽ
- ഒരക്ക സംഖ്യകൾ തമ്മിലുള്ള വ്യവകലനക്രിയകൾ നടത്തൽ
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
- സംഖ്യാഗാനങ്ങൾ ആലപിക്കൽ

ഒക്ടോബർ

- ഒറ്റസംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

നവംബർ.

- സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
- ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

- ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- ഗണിത ആൽബം PTA യിൽ പ്രദർശിപ്പിക്കുന്നു.
- വില വിവര പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

ഗണിതാശയങ്ങളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ complete ചെയ്യുന്നു.

ലളിതമായ ഗണിത ക്വിസുകളിൽ ഏർപ്പെടുന്നു.

ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# Acadamic Master plan

S. T. D - II

# Academic Master plan

## English

Aim : To speak, read & write English without any mistakes

Time - June, July, August

June

pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English, activities, conversations, skit, Stories, use ICT

Speaking skills

Descriptions, growing Sentences, picture reading picture description, self introduction assembly activities, speech, book review, quiz, riddles, self introdution, school radio etc..

July & August

Reading Skills

News paper reading, library books reading, book review, reading breaking news, find words rhyming words, describing words etc.

Text book activities.

Writing Skills

make word web, picture description, word chain Sentence chain, make words & Sentence, make riddles, conversations, Add more lines, develop story, description, diary, letter, magazines.

## ഘട്ടം - II

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസിലെ ടാസ്ക് ഷീറ്റ് തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സർവ്വതോമുഖമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ വ്യക്തമായും പറഞ്ഞും ആവിഷ്കരിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- എല്ലാ കുട്ടികളെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ, ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായി ലേഖനത്തിൽ ഏർപ്പെടുകയും, വ്യക്തിഗതമായി രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രങ്ങളെ അടിസ്ഥാനമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലത്തിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്ക കുട്ടിക്ക് പ്രോത്സാഹനത്തിനുള്ള അവസരമൊരുക്കുന്നു.
- പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

- ദിനാചരണങ്ങൾ നടത്തൽ
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായന സാമഗ്രികൾ നിരത്തൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗപ്പെടുത്തുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉപയോഗപ്പെടുത്തുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

പ്രത്യേകത

- ക്ലാസ് ലൈ(ബ്ര)റി പ്രവർത്തനക്ഷമമാണ്
- ചിത്ര വിവരണം
- വായനാ ശീലത്തിൽ നിന്ന് വ്യത്യസ്ത വ്യവഹാരങ്ങൾ ഉണ്ടാകുന്നു.

നേട്ടങ്ങൾ

- വായിക്കാനുള്ള കഴിവ് ഉറപ്പാക്കൽ
- കഥയിൽ നിന്ന് സന്ദേശം ഗ്രഹിക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാപാത്രങ്ങളുടെ ഭാവാവിഷ്കാരം ചെയ്യൽ

ഉദ്ദേശങ്ങൾ

- ചെറുതോ വലുതോ ആയ കഥകൾ, സന്ദർഭങ്ങൾ നിറഞ്ഞ പുസ്തകം ലൈബ്രറിയിൽ വഴിയായി വിദ്യാർത്ഥികളിലൂടെ വിജ്ഞാനം ഉറപ്പാക്കൽ
- വിവിധ തരത്തിലൂടെ വാക്യം വികസിപ്പിക്കൽ

ഉദാ: ആന

വലിയ ആന
കാണാൻ വലിയ ആന.

ഫലങ്ങൾ

കുട്ടികളിൽ സ്വന്തമായി സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള താൽപര്യം വന്നു

ഡിസംബർ

• ടീച്ചറുടെ വിവിധ തലങ്ങളിൽ എത്തിക്കാനാവി-
നുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

• ഫീൽഡ് പ്രവർത്തനത്തിൽ ഏർപ്പെട്ട്
വ്യക്തിഗത ശേഷികൾ നേടാനുള്ള അവസരം
ഒരുക്കുന്നു.

ജനുവരി

• വരികൾ തിരിച്ചറിഞ്ഞ് പാടുന്നതിനും, ആസ്വാദന-
ത്തിനും അവസരം ഒരുക്കൽ

• പദ്യ വിവരണം, പ്രത്യേകതകൾ കണ്ടെത്തുന്നതിനും
വിശകലനത്തിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

• പുതു ശൈലിയിൽ കവിതകൾ എഴുതാൻ
സാഹിത്യത്തിൽ നിന്ന് ഉൾപ്പെടുത്തൽ

• കവിതയിൽ ആസ്വാദനമായ സർഗാത്മകപ്രവർ-
ത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം
ഒരുക്കൽ

• മാർച്ച്

വ്യക്തിഗത വായന പ്രോത്സാഹിപ്പിക്കൽ

• വിദ്വവായന, കൂട്ട വായന, നാടക വായന,
ടീച്ചർ വായന, ചിത്ര വായന, തുടങ്ങിയവ
പ്രോത്സാഹിപ്പിക്കൽ

• ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
ശക്തമാക്കൽ

## Mathematics

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| ഗണിത വിജ്ഞാന വർദ്ധനവ് | • ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ)<br>• ഗണിത ക്വിസ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന്<br>മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ. | |

ഗവ. യു.പി. സ്കൂൾ
കോഴഞ്ചേരി - East

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്സ്. III

അദ്ധ്യാപികയുടെ പേര്:- മാലിനി. T

വിദ്യാലയത്തിന്റെ പേര്:- G.H.S.S. കോഴഞ്ചേരി - ഈസ്റ്റ്

ക്ലാസ്:- III

വിഷയം:- മലയാളം

പഠനലക്ഷ്യം:- * വായന

മലയാളം തെറ്റുകൂടാതെയും അക്ഷര-സ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ.

* ലേഖനം

വിവിധ വ്യവഹാരരൂപങ്ങൾ തയ്യാറാ-ക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക. അക്ഷര തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരരൂപങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| . വായന<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | . പ്രീടെസ്റ്റ്<br>. ക്ലാസ്സ് ലൈബ്രറി വികസനം<br>ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ അവ വായന<br>അമ്മമാരുടെ വായനക്കുറിപ്പുകൾ സി.പി.ടി.എ കളിൽ അവതരിപ്പിക്കൽ<br>വായനക്കാർഡുകൾ തയ്യാറാക്കൽ | ജൂൺ<br>അധ്യയന വർഷം മുഴുവൻ<br>ജൂൺ<br>അധ്യയന വർഷം മുഴുവൻ<br>ജൂൺ-ജൂലൈ | അധ്യാപകർ<br>സി.പി.ടി.എ<br>അധ്യാപകർ<br>സി.പി.ടി.എ<br>അധ്യാപകർ | PTA<br>CPTA<br>അധ്യാപകർ ജി<br>സി.പി.ടി.എ |
| ലേഖനം<br>വിവിധ വ്യവഹാരരൂപങ്ങൾ തെറ്റില്ലാതെ എഴുതുവാനുള്ള ശേഷി വികസിപ്പിക്കുക.<br>- അക്ഷര തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി നേടിയെടുക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി നേടിയെടുക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതിദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ്<br>ആ ആഗസ്റ്റ് | അധ്യാപകർ | CPTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| | സെപ്റ്റംബർ 5 അധ്യാപകദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി ക്വിസ്<br>നവംബർ 14 ശിശുദിനം | സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ<br>നവംബർ | | |
| സർഗാത്മക ഉണർവ് | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ - വേദി - സി.പി.ടി.എ | അധ്യയനവർഷം മുഴുവൻ | CPTA | ഇല്ല |
| പഠനോത്സവം | | ഫെബ്രുവരി മാർച്ച് | | |

മലയാളം - ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| സാഹിത്യ അഭിരുചികളെ വളർത്തിയെ. | 1) കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ/ ഡിസംബർ | അധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പിടിഎ കുട്ടികൾ | |
| വായനാപരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | | | |
| | 2) വായനാ കുറി | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ഫെബ്രുവരി | കുട്ടികൾ | വായനശാല |
| | | ആഗസ്റ്റ് | സാഹിത്യ ക്ലബ് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസരപഠനം

അധ്യാപികയുടെ പേര്:- മാലിനി. T

വിദ്യാലയത്തിന്റെ പേര്:- G.U.P.S. കോഴഞ്ചേരി - ഈസ്റ്റ്

ക്ലാസ്:- III

വിഷയം:- പരിസരപഠനം

പഠനലക്ഷ്യം : * ചുറ്റും, ഉ നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല അവബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം.

* പ്രകൃതി സംരക്ഷണം
* വ്യക്തി ശുചിത്വം
* സുരക്ഷിതമായി യാത്രയ്ക്ക് റോഡ് നിയമങ്ങൾ പാലിക്കണം.

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം |
|---|---|---|
| ജൂൺ | · ചെടികൾ നിരീക്ഷിക്കുന്നു.<br>· പ്രകൃതി നടത്തം<br>· വിത്ത് മുളപ്പിക്കൽ.<br>· വൃക്ഷങ്ങൾ, സസ്യങ്ങൾ, പൂക്കൾ എന്നിവ തിരിച്ചറിയുന്നു.<br>· പരിസ്ഥിതി ദിനാചരണം<br>· ഹരിതകോർണർ നിർമ്മാണം | SRG |
| ജൂലൈ | · വ്യത്യസ്ത തരം ജീവികളെ നിരീക്ഷിച്ച് ചിത്രശേഖരണം<br>· മണ്ണ് നിരീക്ഷണം<br>· ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം<br>· ശലഭങ്ങൾ വരുന്ന ചെടികൾ<br>· സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ. | SRG, PTA |
| ഓഗസ്റ്റ് | · മഴമാപിനി നിർമ്മാണം<br>· ജലസംരക്ഷണ poster നിർമ്മാണം<br>· കിണർ സന്ദർശനം<br>· മണ്ണ് നിരീക്ഷണം<br>· മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>· മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ.<br>· ആശയഭൂപടം തയ്യാറാക്കൽ | SRG |
| സെപ്റ്റംബർ | · ശുചിത്വ പോസ്റ്റർ നിർമ്മാണം<br>· സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ<br>· ആരോഗ്യ ബോധവത്കരണ സെമിനാർ<br>· Interview – അഭിമുഖം ആരോഗ്യ പ്രവർത്തനങ്ങൾ | SRG, PTA |
| | | |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം |
| --- | --- | --- |
| ഒക്ടോബർ | · ഫീൽഡ് ട്രിപ്പ്<br>പഴം/പച്ചക്കറികൾ<br>· Food Festival.<br>· എന്റെ ആരോഗ്യത്തിന് - Each student<br>· BMI - കാണൽ.<br>· സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ.<br>· ശരിയായ ഭക്ഷണശീലം - Poster | PTA,<br>MPTA<br>SRG |
| നവംബർ | · ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>· റോൾ പ്ലേ - റോഡ് നിയമങ്ങൾ<br>· First aid kit തയ്യാറാക്കൽ<br>· First aid Readers തിരയൽ.<br>· സ്വയ സുരക്ഷ പത്ര cuttings, ചർച്ച<br>ബോധവൽക്കരണം | SRG,<br>PTA<br>CPTA<br>PTA |
| ഡിസംബർ | · പരീക്ഷണങ്ങൾ<br>· നിരീക്ഷണ പ്രവർത്തനം, globe, ICT.<br>· ഗ്ലോബ് നിർമ്മാണം,<br>· ദേശീയ പതാക വരയ്ക്കൽ<br>· ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>· ഭൂപട വായന,<br>· എന്റെ കേരളം<br>· ചിത്ര രചന<br>· കുറിപ്പ്<br>· ചോദ്യോത്തരപ്പയറ്റ്<br>· ഭൂപ്രകൃതി തിരിച്ചറിയൽ<br>· ഗൂഗിൾ മാപ്പ് | SRG<br>CPTA |
| ജനുവരി<br>ഫെബ്രുവരി | · ജീവികളുടെ കുട്ടികൾ ശേഖരണം/ചിത്രം<br>· വ്യത്യസ്തതരം വീടുകൾ - ആൽബം<br>· വീട് നിർമ്മാണങ്ങളും സംരക്ഷണം<br>· വ്യത്യസ്തതരം ജോലികൾ - Survey<br>· അടുത്തുള്ള field visit, പൊതുസ്ഥാപനം | SRG<br>PTA<br>SRG |
| മാർച്ച് | പഠനോത്സവം. | PTA, MPTA<br>SRG, SSK |

# അക്കാദമിക മാസ്റ്റർ പ്ലാൻ — ഗണിതം

അധ്യാപികയുടെ പേര്:- കബിനി. T

വിദ്യാലയത്തിന്റെ പേര്:- ഗവ.യു.പി.എസ് കോഴഞ്ചേരി, East.

ക്ലാസ്സ്:- III

വിഷയം:- ഗണിതം

പഠനലക്ഷ്യം :- * ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണനേടൽ.

* 999 വരെയുള്ള സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു.

* എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക.

* സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.

* ഗുണന വസ്തുതകൾ നേടൽ

* ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ.

EVS - പരിസ്ഥിതിപഠനം ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം പരിധി | ചുമതല ആൾ | സാമ്പത്തിക വിഭവം |
|---|---|---|---|---|
| • ജ്യാമിതീയ സങ്കല്പങ്ങൾ തിരിച്ചറിയൽ | • ഒറിഗാമി ശില്പശാല<br>• അടുക്കളയിലെ ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളും (അനുഭവങ്ങളും. ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | SSA |
| • ഗണിത ലഹരി ഉണരാം കുട്ടികളിലൂടെ. | • മെട്രിക് മേള<br>• ഗണിതോത്സവം | ജനുവരി | SRG<br>Class-Tr | SSA<br>Staff<br>SMC |
| | | | | |

## ഗണിതം

അനുഭവിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളുടെ കളികളിലൂടെയും സർഗാത്മക പ്രവർത്തനങ്ങളിലൂടെയും കൂട്ടിച്ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താല്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ വളർത്തുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നു.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്തുവരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അവ ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിതപഠനം ലക്ഷ്യം വയ്ക്കുന്നു.

നിത്യജീവിതസന്ദർഭങ്ങളിലെ മൂന്നക്കസംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗികപ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർദ്ധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിലെ ഗണിതപഠനം ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്കസംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവില അനുസരിച്ച് പിരിച്ചെഴുതി

സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഃഗണിതത്തിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളമളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ്, എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാനുള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങളുണ്ട്.

ദൈനംദിന സാഹചര്യങ്ങളുമായി ബന്ധപ്പെട്ട ഗണന വസ്തുക്കൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റ് അവതരിപ്പിക്കുന്നു. ഗണന ചിന്തയോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

| മാസങ്ങൾ | പാഠങ്ങൾ / പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ, ജൂലൈ | യൂണിറ്റ് 1- രൂപങ്ങൾ വരയ്ക്കാം<br>• ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ. ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്തൽ തോരണം നിർമ്മാണം തോണി നിർമ്മാണം കളർ A4 ഷീറ്റിൽ പ്രിന്റിങ്<br>ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ ചിത്രങ്ങൾ നിർമ്മിക്കുന്നു. |

| | |
|---|---|
| ജൂലായ്, ആഗസ്റ്റ് | . ഓരോ കുട്ടിക്കും കണക്കുപെട്ടി/ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്. 1 മുതൽ 100 വരെ എഴുതിയ ടോക്കൺ കറൻസി നോട്ടുകൾ.<br>. ഓരോ നോട്ടുകളും 10 എണ്ണം വീതം കമ്പ് കെട്ടുകൾ<br>. സംഖ്യാ സ്ട്രിപ്പുകൾ<br>. അബാക്കസ് നിർമ്മാണം |
| ആഗസ്റ്റ്, സെപ്റ്റംബർ | . പ്രായോഗിക പ്രശ്നങ്ങളുടെ ~~നിർ...ം~~ നിർധാരണം. |
| ഒക്ടോബർ | . സ്കെയിൽ നിർമ്മാണം<br>. കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം അളവ് |
| നവംബർ, ഡിസംബർ | . ഗുണന വസ്തുത കാർഡ് നിർമ്മാണം |
| | |

# Master plan – English

Name of Teacher : –
Name of school :- Gups. Kozhencherry. East
Subjects :- English
Class :- III
Skill :- To speak Read & write English without any mistakes
Time :- June to march.

| Month | Activities | |
|---|---|---|
| June & July | To develop listening skills and reading skills.<br>& Listening skill<br>Games. Action Songs.<br>. Hello English activities<br>. Conversation<br>. Skit Stories<br>. Use ICT<br>& Speaking Skill<br>. Indentify the naming words from the picture.<br>. Identify the action words from the picture.<br>. Make the simple Sentences using the word about picture<br>. Make simple description about the picture<br>. Greeting Sentences, picture reading, Self introduction | To SRG |
| | | |

| Month | Activity | |
|---|---|---|
| August & September | . Develop the creative speaking and writing.<br>* Reading skill<br>. Books reading<br>. find words<br>. Collect and read past tense<br>. Rhyming words<br>. TB activities<br>* Writing skill<br>. Word chains<br>. Make words & sentences<br>. Make riddles, conversations<br>. Add more lines. | Tr |
| October & November | To express thoughts, feeling etc<br>* Reading skills<br>- Library book reading<br>. Conversations, skit, stories, use ICT<br>Read notice<br>Develop story<br>*Writing skill<br>. Description<br>. Thoughts | Tr |
| December & January | Develop the creative speaking and writing.<br>* Reading skills<br>. Library books reading<br>. Conversations, skit stories use ICT<br>. Develop story<br>. Reads diary | SRG<br>PTA |

| Month | Activities | |
|---|---|---|
| | * Writing Skill<br>Dairy.<br>Announcement | Tr<br>PTA |
| February<br>March | To improve the presentation power. | |
| | * Reading Skill,<br>· Library books reading,<br>· Conversation, Skit, Stories<br>· Develop Story. | Tr |
| | * Writing skills<br>· Dairy.<br>· Descriptions<br>· Thoughts<br>· Exibition. | Tr<br>SRG |

# അക്കാദമിക മാസ്റ്റർ പ്ലാൻ

STD. IV

മലയാളം - ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG Class-Tr | PTA ഫണ്ട് |
| വായിക്കാം വളരാം<br>വായനാശേഷി വളർത്തൽ | ക്ലാസ് വായനാമൂലം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകപരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | HM, SRG, Class Tr, CPTA | PTA |
| എഴുതാം - തെളിയാം<br>എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം [illegible] | SRG Class-Tr | PTA |
| എഴുത്തുകാരുമായി സംവദിക്കാം<br>· ലേഖന ശേഷി വർധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class-Tr | |
| കണ്ടറിയാം... കേട്ടറിയാം...<br>അറിവ് ബോധ്യപ്പെടുത്തലിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class-Tr | PTA |
| രുചിച്ചറിയാം...<br>നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള<br>പാചകക്കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം. | വർഷത്തിലൊരിക്കൽ | SRG, Class-Tr PTA | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| --- | --- | --- | --- | --- |
| ഓർമ്മ - അടിസ്ഥാനമാക്കി (സാഹിത്യകാരന്മാർ)<br>സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ജീവ് ലഘുപ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം. | ആവശ്യാനുസരണം | SRG<br>Class - Tr<br>CPTA | |
| കലക്കൂട്ട്<br>പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരെ ക്ഷണം ഇവർ ക്ലാസ്മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | Hm<br>SRG<br>CPTA<br>Class - Tr | PTA |
| സർഗ്ഗശേഖരം<br>ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അടിസ്ഥാനമാക്കി അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | Hm<br>SRG<br>CPTA<br>Class - Tr | PTA |
| | | | | |

English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഫലപ്രദമായി വിനിമയം സംസാരിക്കാനുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം ഇംഗ്ലീഷ് അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിർവ്വഹണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | Class Tr | |
| ഇംഗ്ലീഷ് ഡയറി<br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ മൂന്ന് ദിവസം വർഷം മുഴുവൻ | Class Tr | |
| ഇംഗ്ലീഷ് കയ്യെഴുത്ത് മാഗസിൻ<br>സർഗ്ഗാത്മക രചനാശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Tr<br>SMC | SMC |
| ഇംഗ്ലീഷ് തിയേറ്റർ<br>സർഗ്ഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ [Skit, Drama, Conversation Story telling] | മാസത്തിലൊരിക്കൽ | Class Tr | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത്<br>ഇംഗ്ലീഷ് ഭാഷയിലൂടെ രചനകൾ | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് വർണ്ണാഭമായ പതിപ്പുകൾ പുസ്തകരൂപത്തിൽ തയ്യാറാക്കൽ | മാസത്തിലൊന്ന് | Class Tr | PTA |
| ഇംഗ്ലീഷ് കോർണർ<br>വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂലയൊരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാക്കുറിപ്പ് - പുസ്തകപരിചയം | രണ്ടാഴ്ചയിൽ ഒന്ന് | Class Tr | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാമത്സരം, രചനാമത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിദിനങ്ങൾ | Class Tr<br>[illegible]<br>[illegible]<br>SMC | |

പരിസര പഠനം

| പ്രവൃത്തി മേഖല / ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതിനടത്തം<br>നിരീക്ഷണം - അറിവുനിർമ്മാണം | പഠനഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രക്ലബ്<br>ശാസ്ത്രപഠനം ലക്ഷ്യത്തിലെത്തുന്ന സാഹചര്യങ്ങൾ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | Hm<br>SRG<br>Class-Trs | PTA<br>SSA |
| ശാസ്ത്രയാത്ര<br>ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | വനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രവേദികൾ ഗവേഷണകേന്ദ്രങ്ങൾ തുടങ്ങി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | Hm<br>SRG<br>CPTA<br>Class Trs | PTA<br>രക്ഷിതാക്കൾ |
| ഭൂപടനിർമ്മാണം<br>കേരളം - ഇന്ത്യ - ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന, ഭൂപട രചന സൂചിക നിർമ്മാണം, | വർഷത്തിലുടനീളം | SRG<br>Class-Trs | PTA |
| ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>Class-Trs | PTA |
| ശാസ്ത്രോത്സവം<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | Hm<br>SRG<br>Class-Trs | PTA |
| ശാസ്ത്രമാസിക<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം. | വർഷത്തിലൊരിക്കൽ | Hm<br>SRG<br>Class-Trs | PTA |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെ ഗണിതം. ഗണിത പഠനം രസകരമാക്കൽ (പ്രക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ അനുയോജ്യമായ രീതിയിൽ നടപ്പിലാക്കൽ കൃത്യനിർവ്വഹണം (ക്ലാസിലും പുറത്തും, ഡയസ് കളി നമ്പർ - വ്യവകലനം ഉള്ള കളി) | വർഷം മുഴുവൻ | SRG Class Tr | |
| ഒറിഗാമിയിലൂടെ ഗണിതം. ഗണിതശാസ്ത്ര പഠനം രസകരമാക്കൽ ദ്വി - ത്രിമാന വികാസം | ഒറിഗാമി ഉപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിൽ. രണ്ടുതവണ ഇടവേള (സമയം) | Class Tr | PTA |
| ഗണിത ലാബ് ഗണിത പഠനപ്രവർത്തനം സുഗമമാക്കൽ | ഗണിത ലാബ് കുട്ടികൾ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG Class Tr | PTA |
| ഗണിതക്ലബ് ഗണിത ആശയങ്ങളുടെ പ്രായോഗികത കൂടി തിരിച്ചറിയൽ | ഗണിതക്ലബ് ഓരോന്നും ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class Tr | PTA |
| ഗണിതപഠനോപകരണ ശില്പശാല പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണ - പ്രദർശനം | ആഗസ്റ്റ് - നവംബർ | SRG Class Tr | PTA |
| ഗണിതമേള ഗണിതശേഷികളുടെ പ്രദർശനം | ക്ലാസ് തലത്തിൽ, പിന്നീട് പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | SRG Class Tr | PTA |

# ഗവ. യുപിഎസ് - കോഴഞ്ചേരി ഈസ്റ്റ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല : യു.പി. സാമൂഹ്യശാസ്ത്രം.

Submitted by.

K. K. Prabhakaran

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പഠിതാക്കൾ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, കൊടുമുടികൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip** ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത ശൈലി രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ നിർമ്മിതമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സഹഭാവം വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **'നന്മയുടെ നുറുങ്ങുവെട്ടം'**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, മലയോരങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാനസികലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# GOVT. U.P.S. KOZHENCHERRY EAST

## ACADEMIC MASTER PLAN

### U.P. ENGLISH

UP English

| Aim | Activities | Duration | Responsibilities | Financial Analysis |
| --- | --- | --- | --- | --- |
| Practice impressive reading | Meet the foreigner<br>Create opportunities to communicate with English speaking people. | Once in a year | HM. in charge | |
| | <u>One Man show</u><br>Encourage children to role play by giving concept | October | Eng. Tr. in charge. | |
| | <u>I too Can</u><br>Encourage children to read without mistakes and effectively considering various levels of children | July | Teacher. | |
| | <u>Learning Ladder</u><br>Write a few words from the lessons and asks the children to read it with help of a mirror | September | Teacher. | |

| Aim | Activities | Duration | Role | Expens. |
| --- | --- | --- | --- | --- |
| | **Run Baby Run.** Make different groups. Write some words on the chart. Read them and copy to another chart. The group which completes the activity first will be announced as the winners | English class. February | Teacher. | |
| | **Fun time Funda** Puzzles. Funny Qns. Humours. moral stories etc presents in the class. | English period. | | |
| • Increase the confidence level in English. | Organizing different activities in school to create an english atmosphere. Role play, speech, Recitation Story writing. film show etc. | End of the year. | Teacher, PTA, Parents. | |

# ഗവ. യു.പി.എസ്. കോഴഞ്ചേരി ഈസ്റ്റ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

**മേഖല : യു.പി മലയാളം**

Submitted by,

K.R. Radha Kumari

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എഴുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാസിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാസിക തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി [redacted] എഫ്. എം. അവതരണ മികവ്. | [redacted] **എഫ് എം.** വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# ഗവ. യു. പി. എസ്.
# കോഴഞ്ചേരി ഈസ്റ്റ്

## സാമൂഹ്യ ശാസ്ത്രം
## (U. P.)

## യു. പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1). സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ, നേടിയെടുക്കൽ. ഭൂപടവായന | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് നദികൾ, ജില്ലകൾ, സംസ്ഥാനം, തലസ്ഥാനം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് പ്രാരംഭ ടെസ്റ്റ് നടത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| ഭൂപടവായന | ഭൂപടത്തിൽ അടയാളപ്പെടുത്തുന്നു. | ജൂലൈ | | |
| 2). ഭക്ഷണ വൈവിധ്യം മനസിലാക്കുക | ഭക്ഷ്യമേള. ഭക്ഷണ വൈവിധ്യവും ആരോഗ്യപ്രദമായ ഭക്ഷണവും പഠിതാവിന് മനസിലാക്കുന്നതിനും ശീലമാക്കുന്നതിനും ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. | ജൂലൈ | ,, | |
| 3). പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രധാനമുള്ള സ്ഥലങ്ങളിലൂടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ഓഗസ്റ്റ് | ,, | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4). ജനാധിപത്യ പ്രക്രിയയിൽ സജീവമായി ഏർപ്പെടുന്നതിന് | സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ്, (ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാനതലം മനസിലാക്കുന്നു. | ആഗസ്റ്റ്<br>സെപ്റ്റംബർ | സാമൂഹ്യശാസ്. അധ്യാപകർ | |
| 5). പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | ICT സാധ്യതകളുപയോഗിച്ച്, ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ വീഡിയോ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാൻമാരാക്കുകയും ചെയ്യുന്നു. | ഒക്ടോബർ | " | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. സഹജീവികളോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതിദുരന്തം മൂലം നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് വിദ്യാലയത്തിന്റെ കൂടെ കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ നൽകി ആശ്വാസമേകുന്നു. | നവംബർ | " | |
| 7. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ/ ജനുവരി | " | |
| 8. ഫീൽഡ് ട്രിപ്പ് | കാവുകൾ, കുളങ്ങൾ, കോട്ടകൾ, നെൽപ്പാടങ്ങൾ, കുന്നുകൾ, കാടുകൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു. | ഫെബ്രുവരി | " | |

नाम: सिन्धु: 5अ

हिंदी
अकादमिक
मास्टर प्लान

जी. यु. पी. डी.
ओमपरी डस

## ആമുഖം

ലോകത്തിലെ പുരാതനവും സമ്പന്നവും ലളിതവുമായ ഭാഷ എന്നറിയപ്പെടുന്ന ഹിന്ദി നമ്മുടെ ഭാഷ കൂടിയാണ്. ഇത് ഒരു ഭക്തിയുടെയും ബഹുമാനത്തിന്റെയും ആത്മാഭിമാനത്തിന്റെയും ഭാഷയാണ്. ലോകത്ത് ഏറ്റവും അധികം സംസാരിക്കുന്ന മൂന്നാമത്തെ ഭാഷയാണ് ഹിന്ദി. പാശ്ചാത്യഭാഷകളുടെ അതിപ്രസരത്തിനാൽ മാതൃഭാഷയുടേയും ദേശീയ ഭാഷയുടെയും പ്രാധാന്യവും മഹത്വവും വിസ്മരിക്കുന്ന പുതിയ തലമുറയ്ക്ക് ആർഷ ഭാരത സംസ്കാരവും നമ്മുടെ വൈവിധ്യവും വിളിച്ചോതുന്ന ഹിന്ദിഭാഷയുടെ പ്രാധാന്യവും മഹത്വവും നല്കുക. ഭാഷയുടെ അന്തസത്ത വെളിവാക്കുന്ന രീതിയിൽ പുതിയ തലമുറയിലേക്ക് പ്രചാരം നൽകുക തുടങ്ങിയ പരമപ്രധാനമായ ഉത്തരവാദിത്വങ്ങൾ നമ്മൾ ഹിന്ദി അധ്യാപകരിൽ നിക്ഷിപ്തമാണ്. Govt. U.P.S Kozhenchery East ലെ 5, 6, 7 ക്ലാസുകളിലെ എല്ലാ കുട്ടികളെയും പ്രവർത്തിക്കു ആകർഷിക്കുക. കൾ ഇല്ലാതെ ഹിന്ദി ഭാഷയിലേക്ക് തെറ്റു ഹിന്ദിഭാഷ തെറ്റുകൂടാതെ വായിക്കുന്നതിനും എന്നീ ലക്ഷ്യങ്ങൾ സംസാരിക്കുന്നതിനും പ്രാപ്തരാക്കുക.. കൈവരിക്കുന്നതിനായി 2023-24 അക്കാദമിക് വർഷത്തിൽ ക്ലാസ്മുറിയിൽ നടപ്പാക്കാൻ പോകുന്ന പ്രവർത്തന പരിപാടികൾ ആണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിക്കുന്നത്.

ആമുഖം

# ഹിന്ദി യു. പി. വിഭാഗം

## ലക്ഷ്യം.

ഹിന്ദി ഭാഷയിൽ ആശയങ്ങൾ കേട്ട് മനസ്സിലാക്കുന്നതിനും. വായിച്ച് മനസ്സിലാക്കുന്നതിനും തെറ്റില്ലാതെ സംസാരിക്കുന്നതിനും തെറ്റില്ലാതെ ആശയവ്യക്തതയോടെ എഴുതുന്നതിനും ശേഷി നേടുന്നു. ഹിന്ദി ഭാഷയിൽ എഴുതിയിട്ടുള്ള വിവിധ സാഹിത്യരൂപങ്ങൾ വ്യവഹാര രൂപങ്ങൾ എന്നിവ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനും വിവിധ സാഹിത്യരൂപങ്ങൾ, വ്യവഹാര രൂപങ്ങൾ എന്നിവയിൽ സൃഷ്ടികൾ നടത്തുന്നതിനും ശേഷി നേടുന്നു.

U.P हिन्दी अकादमिक मास्टर प्लान

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | 5, 6, 7 അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി 5-ാം ക്ലാസ്സ് മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഉൾപ്പെടുന്ന അക്ഷരങ്ങളെ പരിചയപ്പെടാൻ അവസരം ഒരുക്കുക പരിചയപ്പെടുത്തുക | പുതിയ പദങ്ങൾ വാക്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അദ്ധ്യാപകർ |
| 2 | ഹിന്ദി വായനയും കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യുക. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും | ജൂൺ മുതൽ ഫെബ്രുവരി | ഹിന്ദി അദ്ധ്യാപകർ |
| 3 | ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് നേടി എടുക്കും | ഹിന്ദി മാത്രം വിഷയവാരം ക്ലാസ്സുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദി തെറ്റിച്ച് അദ്ധ്യാപകർ വായിക്കും. കുട്ടികൾ ശ്രദ്ധയോട് അത് ശരിയാക്കി വായിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അദ്ധ്യാപകർ |

| മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലാവധി | ഉത്തരവാദിത്തം | |
|---|---|---|---|---|---|
| | അക്ഷര കാർഡ് | | ജൂൺ ↓ | | |
| | വാക്യങ്ങൾ എഴുതിയ കാർഡ് | അക്ഷര ജ്ഞാനം ഹിന്ദിയിൽ | ജൂലൈ | | |
| हिंदी | ക്ലാസ്സിൽ അക്ഷരമാല പ്രദർശനം | സ്വന്തമായി കാര്യങ്ങൾ എഴുതി തുടങ്ങി | ജൂൺ ↓ ജൂലൈ | ലൈബ്രറി പുസ്തകം | ഹിന്ദി വ്യാകരണം |
| | സംഖ്യാ പ്രദർശനം | | ജൂൺ ↓ ജൂലൈ | हिंदी കാർഡ് | SRG BRC |
| | അക്ഷര മാല കളികൾ | | ജൂൺ ↓ സെപ്റ്റംബർ | | |

กในไกว่

| മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലാവധി | [illegible] | [illegible] |
|---|---|---|---|---|---|
| റീഡിങ് | അക്ഷര കാർഡ് | | ജൂൺ ↓ | | |
| | വാക്കുകൾ [illegible]കാർഡ് | അക്ഷര തെറ്റില്ലാതെ ഹിന്ദിയിൽ സംസാരിക്കാനുള്ള ശേഷി നേടുന്നു | ജൂലൈ | | |
| | ക്ലാസിൽ അക്ഷരമാല പ്രദർശനം | | ജൂൺ ↓ ജൂലൈ | ലൈബ്രറി പുസ്തകം | ഹിന്ദി അധ്യാപകൻ |
| | സംഖ്യാ പ്രദർശനം | | ജൂൺ ↓ ജൂലൈ | റീഡിങ് കാർഡ് | SRG<br>BRC |
| | അക്ഷര മാല കളികൾ | | ജൂൺ ↓ സെപ്റ്റംബർ | | |

ഒററ്റിങ്

| മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യം | സമയം കാലയളവ് | ഉത്തരവാദി | ചുമതല |
|---|---|---|---|---|---|
| | 1 അക്ഷരം എഴുത്ത് | | ജൂൺ ↓ | | |
| | 2 ചിഹ്നം ഉപയോഗിക്കൽ | | ഓഗസ്റ്റ് | | |
| റൈറ്റിങ് | 3 വാക്യങ്ങളുടെ നിർമ്മാണം | വ്യാകരണ പിശകില്ലാതെ ഹിന്ദി വാക്യങ്ങൾ എഴുതി അവതരിപ്പിക്കുക | ജൂൺ ↓ ഓഗസ്റ്റ് | | |
| | 4 സ്വന്തം നിലയ്ക്ക് (ഹിന്ദി) | | ജൂൺ ↓ മാർച്ച് | | |
| | | | അവധിക്ക് (?) | | |
| | 5 ചിത്രത്തിന് വിവരണം തയ്യാറാക്കൽ | | ഓഗസ്റ്റ് | | |
| | | | ഫെബ്രുവരി | | |
| | | | മാർച്ച് | | |
| | 6 ആസ്വാദനക്കുറിപ്പ് | | | | |

[illegible]

| വേള | പ്രവർത്തനങ്ങൾ | ലക്ഷ്യം | സമയം കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ദിവസവും ക്ലാസ്സിന്റെ തുടക്കത്തിൽ ഹിന്ദിയിലുള്ള കഥകൾ, കവിതകൾ അവതരണം | | ജൂൺ ↓ | ലാപ്ടോപ് | |
| സ്പീക്കിങ് | | | | മൊബൈൽ | ഹിന്ദി അധ്യാപകർ |
| | | | മാർച്ച് ↓ | | |
| 2 | ഹിന്ദിയിൽ പരസ്പര പരിചയപ്പെടുത്തൽ | | ജൂൺ ↓ ജൂലൈ | | |
| 3 | റീഡിങ് കാർഡ് | | ജൂൺ മാർച്ച് | | |